മല്ലപ്പള്ളി 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം

99 (3500)ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളി 110 കെ.വി. സബ്സ്റ്റേഷന്റെ ലൈൻ വലിക്കുന്നത് ഉൾപ്പെടെയുള്ള നിർമ്മാണ ജോലികൾ ടെൻഡർ ചെയ്തത് എന്നാണ്;

(ബി) ഇത് ഏത് ഗവൺമെന്റിന്റെ കാലത്താണ് ടെൻഡർ ചെയ്ത തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത ലൈൻ വലിക്കുന്ന ജോലിക്കുള്ള ടെൻഡർ 16.4.94-ൽ പരസ്യപ്പെടുത്തുകയും, 8.7.94-ൽ തുറക്കുകയും ചെയ്തു.

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്.

കാസർഗോഡ് ജില്ലയിൽ പുതുക്കിയ സബ്സ്റ്റേഷനുകൾ

100 (3501)ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പുതിയ സബ്സ്റ്റേഷനുകളും മേജർ സെക്ഷൻ ഓഫീസുകളും സ്ഥാപിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അവ ഏതെല്ലാമാണെന്നും എന്നേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സബ്സ്റ്റേഷനുകൾ സ്ഥാപിക്കാനുദ്ദേശമുണ്ട്. സർക്കാർ പ്രഖ്യാപിച്ച വൈദ്യുതി നയത്തിൽ വിവക്ഷിച്ചിട്ടുള്ള പുനസംഘടന പൂർത്തിയായതിനുശേഷം മാത്രമേ ഇനി പുതിയ ഓഫീസുകൾ തുറക്കുന്നതു സംബന്ധിച്ചുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയുള്ളൂ.

(ബി) മുള്ളേരിയ 110 കെ.വി. സബ്സ്റ്റേഷൻ-നിർമ്മാണം നടന്നുവരുന്നു.

ചെറുവത്തൂർ 110 കെ.വി. സബ്സ്റ്റേഷൻ	പണി പുരോഗമി
വെസ്റ്റ് എളേരി 33 കെ.വി സബ്സ്റ്റേഷൻ	ക്കുന്നു.
അനന്തപുരം 33 കെ.വി. സബ്സ്റ്റേഷൻ	സ്ഥലം ലഭ്യമായാ
കാസർഗോഡ് ടൗൺ 33 കെ.വി. സബ്സ്റ്റേഷൻ	ലുടൻ പണിആരം
ബദിയടുക്ക 33 കെ.വി. സബ്സ്റ്റേഷൻ	ഭിക്കുന്നതാണ്.
പെരള 33 കെ.വി. സബ്സ്റ്റേഷൻ	
ബേലൂർ 33 കെ.വി. സബ്സ്റ്റേഷൻ	
നീലേശ്വരം ”	
തൃക്കരിപ്പൂർ ”	

LIBRARY ARCHIVES Kerala Legislative Assembly